


# സാന്ത്വനമേകാൻ അയൽക്കണ്ണികൾ

നെയ്ബർഹുഡ് നെറ്റ്‌വർക്ക് ഇൻ പാലിയേറ്റീവ് കെയർ (NNPC)

**ഏത്** സമൂഹത്തിലും സാന്ത്വന പരിചരണവും (Palliative Care) ദീർഘകാല പരിചരണവും (Long Term Care) ആവശ്യമായി വരുന്ന രോഗികളുടെ എണ്ണം അധികരിച്ചുവരുന്നുണ്ട്. കുടുംബത്തിന് ശുശ്രൂഷയും ചികിത്സയും ചെയ്യാനുള്ള കഴിവ് കുറയുമ്പോൾ ഇത്തരം രോഗികളെ അതു വല്ലാതെ ബാധിക്കുന്നു. കാൻസർ, എയ്ഡ്സ്, ചിലതരം ഞരമ്പുരോഗങ്ങൾ, തുടങ്ങിയ മാറാരോഗങ്ങളാൽ കഷ്ടപ്പെടുകയും, മരിയ്ക്കുകയും ചെയ്യുന്ന രോഗികൾക്ക്, നൽകുന്ന പരിചരണമാണ് പാലിയേറ്റീവ് പരിചരണം. ദീർഘകാല പരിചരണം ആവശ്യമുള്ള തരം രോഗങ്ങളാൽ പ്രയാസപ്പെടുന്ന മറ്റു രോഗികളും നമ്മുടെയിടയിലുണ്ട്. ഉദാഹരണമായി നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായിപ്പോയവർക്ക് ദീർഘകാല പരിചരണം ആവശ്യമാണ്. അത് കൊണ്ട് തന്നെ പാലിയേറ്റീവ് പരിചരണവും ദീർഘകാല പരിചരണവും ഓരോ പ്രവർത്തനത്തിന്റെ സമാനമേഖലകളാണ്.

പാലിയേറ്റീവ് പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ഉദ്ദേശ്യവും, പ്രായോഗികതയും ഓരോ പ്രദേശത്തിനനുസരിച്ച് വ്യത്യസ്തമായിരിക്കും.

Neighbourhood Network in Palliative Care-NNPC (സാന്ത്വനമേകാൻ അയൽക്കണ്ണികൾ) യുടെ പ്രധാന ഉദ്ദേശ്യം മൂന്നാം ലോകരാജ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പാലിയേറ്റീവ് പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കുക എന്നതാണ്. ഈ വീക്ഷണത്തോടെയാണ് പ്രാദേശിക തലത്തിൽ ചെറുസംഘങ്ങളെ സംഘടിപ്പിക്കുകയും സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഇടപെടാൻ സഹായിക്കുകയും ചെയ്യുന്ന പ്രക്രിയയിൽ NNPC പങ്കാളിയാവുകയും ചെയ്യുന്നത്.

രോഗിയുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെ ലാഭേച്ഛയോടെയുള്ള സാമ്പ്രദായിക ചികിത്സാപരിചരണ രീതികളെക്കാളും എന്തുകൊണ്ടും മെച്ചപ്പെട്ട ഒന്നാണ് സാമൂഹിക പങ്കാളിത്തത്തോടെയുള്ള ഇത്തരം പരിചരണങ്ങൾ.

നിലവിലെ ആരോഗ്യസംവിധാന കേന്ദ്രങ്ങൾ ഹ്രസ്വകാല രോഗമുള്ളവർക്കുള്ള പരിചരണം ഉദ്ദേശിച്ച് വികസിപ്പിക്കപ്പെട്ടവയാണ്. എന്നാൽ ഹ്രസ്വകാല രോഗമുള്ളവർ മാത്രമല്ല, നീണ്ടകാല പരിചരണം ആവശ്യമുള്ളവർക്കും ജീവിതകാലം മുഴുവനും പരിചരണം കിട്ടേണ്ടതുണ്ട്. അസുഖസമയത്തുള്ള അവരുടെ പ്രയാസങ്ങൾ ലഘൂകരിക്കാൻ ആശുപത്രികൾ............സ്വന്തം വീട്ടിൽ തന്നെ പരിചരണരീതികൾ എത്തുന്നതിലൂടെ മാത്രമേ ഇവർക്ക് ആവശ്യമായ ശ്രദ്ധ കിട്ടുകയുള്ളൂ. ഇതിനുദ്ദേശിച്ചാണ് പ്രാദേശിക തലത്തിലുള്ള സമൂഹത്തെ ഡോക്ടറുടേയോ നേഴ്സിന്റേയോ പിൻബലത്തോടെ ഇത്തരം പരിചരണം വേണ്ടവരുടെയിടയിൽ പ്രവർത്തനത്തിന് സജ്ജമാക്കുന്നത്. ഈ പരിചരണം കിട്ടുന്നുണ്ടെന്ന് ഉറപ്പാക്കാൻ വേണ്ടിയാണ് പ്രാദേശിക സംഘടനകളെ ഇതിൽ ഉൾപ്പെടുത്തുന്നത്.

സാമൂഹ്യ സംഘടനകൾക്ക് ചെയ്യാവുന്ന തരത്തിലുള്ള മാതൃകാപരമായ സാഹചര്യങ്ങൾ സാധാരണ ആശുപത്രികളിലും ക്ലിനിക്കുകളിലുമുണ്ട്. പാലിയേറ്റീവ് പരിചരണവും ദീർഘകാല പരിചരണവും ആശുപത്രികളെ അടിസ്ഥാനമാക്കി തന്നെ നടക്കേണ്ടതുണ്ട് എന്ന് ഇന്നു നടക്കുന്ന ചർച്ചകളിലൊന്നാണ്. പാലീയേറ്റീവ് പരിചരണങ്ങൾ കിട്ടേണ്ട ഇടങ്ങളിൽ ഒരുപാട് ചാരിറ്റബിൾ സംഘടനകളും സാമൂഹ്യ സംഘടനകളും പുതുതായി ഉണ്ടായിവരുന്നുണ്ട്. പക്ഷേ അവയെല്ലാം തന്നെ രാഷ്ട്രീയമായി ഇടപെടലിൽ വളരെ പിന്നോക്കം നിൽക്കുന്നു. സ്വന്തമായ അധികാരമോ, സ്വാധീനമോ ഉണ്ടാക്കാനോ, നിലനിർത്താനോ ഇത്തരം സംഘടനകൾ അറിഞ്ഞോ, അറിയാതെയോ ശ്രമിക്കുന്നുണ്ട്. നമ്മൾ വിശ്വസിക്കുന്നത് സമൂഹത്തിൽ ഏത് ഇടപെടലിനും രാഷ്ട്രീയമായ ഒരുതലം ഉണ്ട് എന്നതാണ്. മുന്നോട്ടുള്ള യാത്രയെ പരിചരണത്തിന്റെ രാഷ്ട്രീയം ഏതൊക്കെ തരത്തിലാണ് ബാധിക്കുക എന്നത് ഇന്നു പറയാനാവില്ല. എൻ.എൻ.പി.സി. സമൂഹത്തിന്റെ അടിത്തട്ടുകളിലേക്ക് വരെ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. പാലിയേറ്റീവ് കെയറിൽ സമൂഹത്തിന്റെ പങ്കിനെക്കുറിച്ച് പല നിരീക്ഷണങ്ങളാണ് ഉള്ളത്. സമൂഹത്തിലെ സാധാരണക്കാർക്ക് ഇത്തരം രോഗി പരിചരണത്തിൽ എങ്ങിനെ പ്രവർത്തിക്കാൻ കഴിയുമെന്നും അതിനെക്കുറിച്ച് വിശദമായ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കലാണ് എൻ.എൻ.പി.സി. പ്രധാനമായും ചെയ്യുന്നത്. പിന്നീടുള്ള പരിചരണങ്ങളും മറ്റു തുടർപ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നതും വികസിപ്പിക്കുന്നതും സമൂഹത്തിലെ ഈ ചെറുസംഘങ്ങളാണ്. ഇവിടെ ഇത്തരം സംഘങ്ങൾക്ക് പ്രവർത്തിക്കാൻ എൻ.എൻ.പി.സി. ഒരു അടിത്തറ ഉണ്ടാക്കുക മാത്രമാണ് ചെയ്യുന്നത്. എൻ.എൻ.പി.സി.യുടെ ലക്ഷ്യങ്ങളായി പറയുന്നത്. രോഗീ പരിചരണത്തിൽ സമൂഹത്തിന് കാര്യക്ഷമമായി ഉൾപ്പെടുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ, ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാൻ താല്പര്യമുള്ള സംഘടനകളെയോ നാഷനൽ സർവീസ് സ്കീം പോലെയുള്ള ഗ്രൂപ്പുകളെയോ ഉൾപ്പെടുത്തി പ്രവർത്തിയ്ക്കുന്നു.

സമാധാനം, നീതി, അനുയോജ്യമായ ചുറ്റുപാടുകൾ എന്നിവയ്ക്ക് വേണ്ടി മറ്റ് സംഘടനകൾ പ്രവർത്തിക്കുന്നത് പോലെ തന്നെയാണ് പാലിയേറ്റീവ് കെയറിന്റെ വികസനത്തിനായും NNPC കളും പ്രവർത്തിയ്ക്കുന്നത്. സമൂഹത്തിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് മാത്രമേ ഇത് ഫലപ്രദമായി മുന്നോട്ട് പോകാനാകൂ....